**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6584** **21-03-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തീരദേശ ഹൈവേ പദ്ധതി പ്രകാരമുള്ള ഹൈവേ നിർമ്മാണം ആരംഭിച്ചത് എന്നാണ്; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളും പ്രഖ്യാപിത ലക്ഷ്യങ്ങളും എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | തീരദേശ ഹൈവേ നിർമ്മാണത്തിനായി 10-07-2017 ൽ 6500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആകെ 605 കിലോമീറ്റർ ദൈർഘ്യത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. അതിൽ 519 കിലോമീറ്റർ ആണ് കെ.ആർ.എഫ്.ബി - പി.എം.യു ന്റെ അധീനതയിൽ ഉള്ളത്. പദ്ധതിയ്ക്കായി നാളിതുവരെ 2430 കോടി രൂപയുടെ (36 കി.മീ നീളത്തിന് പദ്ധതിയ്ക്കും സ്ഥലം ഏറ്റെടുക്കലിനും ഉൾപ്പെടെയും 303 കീ.മി നീളത്തിന് സ്ഥലം ഏറ്റെടുക്കലിന് മാത്രവും) സാമ്പത്തിക അനുമതിയാണ് കിഫ്ബിയിൽ നിന്നും നൽകിയത്.<br><br>സ്ഥലം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ ഉത്തരവും അതിർത്തി കല്ലുകൾ സ്ഥാപിക്കാനുള്ള 6(1) നോട്ടിഫിക്കേഷനും 468 കി.മീ നീളത്തിന് നൽകിയിട്ടുണ്ട്. സാമ്പത്തിക അനുമതി നൽകിയ ഇടങ്ങളിൽ റവന്യൂ വകുപ്പിലേക്കുള്ള ആനുഷാംഗിക തുക കൈമാറിയിട്ടുണ്ട്. അതിർത്തികല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. വിവിധ ജില്ലകളിലായി 210 കി.മീ ഭാഗത്ത് ഇതിനോടകം അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ തീരദേശ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കുക, തീരദേശ മേഖലയിലെ യാത്ര സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, അന്താരാഷ്ട്ര നിലവാരത്തിൽ സൈക്കിൾ ട്രാക്കോടെയുള്ള ഹൈവേ നിർമ്മിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ. |
| (ബി) | ആകെ എത്ര കിലോമീറ്റർ ദൈർഘ്യത്തിലാണ് | (ബി) | ആകെ 605 കിലോമീറ്റർ ദൂരത്തിൽ തീരദേശ |

| | | | |
|---|---|---|---|
| | പദ്ധതി പ്രകാരം ഹൈവേ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇതിൽ എത്ര ദൂരമാണ് ഇതിനോടകം പൂർത്തിയാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ; | | ഹൈവേ നിർമ്മിക്കുന്നതിനാണ് വിഭാവന ചെയ്തിരിക്കുന്നത്. അതിൽ 519 കിലോമീറ്റർ ആണ് കെ.ആർ.എഫ്.ബി - പി.എം.യു ന്റെ അധീനതയിൽ ഉള്ളത്. ഇതിൽ മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ 15 കിലോമീറ്ററും മുഹ്യദീൻ പള്ളി മുതൽ കെട്ടുങ്ങൽ വരെ 3.5 കിലോമീറ്ററുമാണ് നിർമ്മാണം പുരോഗമി ക്കുന്നത്. പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ 47% വും മുഹ്യദീൻപള്ളി പള്ളി മുതൽ കെട്ടുങ്ങൽ വരെ 65% പ്രവൃത്തികളുമാണ് പൂർത്തീകരിച്ചത്. കോഴിക്കോട് ജില്ലയിലെ 0.99 കിലോമീറ്റർ നീളമുള്ള കോരപ്പുഴ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ് |
| (സി) | നിർദിഷ്ട ഹൈവേയിൽ ഓരോ 25-30 കിലോമീറ്റർ ഇടവേളകളിലും വേ-സൈഡ് അമിനിറ്റീസ് നിർമ്മിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിരുന്നോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര കേന്ദ്രങ്ങളാണ് ഇതിനോടകം നിർമ്മിച്ചിട്ടുള്ളത്; ഈ കേന്ദ്രങ്ങൾക്കായിട്ടുള്ള സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കുന്നത് NATPAC, LNTIEL, IDECK എന്നീ സ്ഥാപനങ്ങളാണ്. തയ്യാറാക്കുന്ന ഡി.പി.ആർ- ൽ നിശ്ചിത ഇടങ്ങളിൽ വേ-സൈഡ് അമിനിറ്റീസ് നിർമ്മിക്കുവാൻ വിഭാവനം ചെയ്യുന്നുണ്ട്. ഇതിനായി തിരഞ്ഞെടുത്ത പ്രദേശങ്ങൾ ടൂറിസം വകുപ്പുമായി ചേർന്ന് ജോയിന്റ് ഇൻസ്‌പെക്ഷൻ എല്ലാ ജില്ലകളുടെയും പൂർത്തിയായിട്ടുണ്ട്. ഇവയ്ക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |
| (ഡി) | പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും പദ്ധതിയ്ക്കായുള്ള ഫണ്ടിംഗ് നടത്തുന്നത് ഏതൊക്കെ വകുപ്പുകളാണെന്നും തുകകളുടെ വിശദാംശം സഹിതം അറിയിക്കുമോ; | (ഡി) | തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുപ്പ് നടപടികളുടെ ആദ്യപടിയായ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളാണ് നിലവിൽ പുരോഗമിക്കുന്നത്. പ്രസ്തുത പദ്ധതിക്കായുള്ള ഫണ്ടിംഗ് നടത്തുന്നത് കിഫ്ബിയാണ്. പദ്ധതിയ്ക്കായി നാളിതുവരെ 2430 കോടി രൂപയുടെ സാമ്പത്തിക അനുമതിയാണ് കിഫ്ബിയിൽ നിന്നും ലഭ്യമായത് |
| (ഇ) | എത്ര റീച്ചുകളിലായാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്നും പദ്ധതിയുടെ എത്ര ശതമാനമാണ് ഇതിനോടകം പൂർത്തിയാക്കിയിട്ടുള്ളതെന്നും അറിയിക്കുമോ; | (ഇ) | പ്രസ്തുത പദ്ധതി 52 റീച്ചുകളായാണ് നടപ്പാക്കുന്നത്. ഇതിൽ 44 റീച്ചുകളാണ് കെ.ആർ .എഫ്.ബി നടപ്പാക്കുന്നത്. ഇതിൽ മലപ്പുറം ജില്ലയിലെ പടിഞ്ഞാറേക്കര മുതൽ ഉണ്ണിയാൽ വരെ 15 കിലോമീറ്ററും മുഹ്യദീൻപള്ളി മുതൽ കെട്ടുങ്ങൽ വരെ 3.5 കിലോമീറ്ററുമാണ് നിലവിൽ നിർമ്മാണം പുരോഗമിക്കുന്നത്. കോഴിക്കോട് ജില്ലയിലെ 0.99 കി.മീ നീളമുള്ള കോരപ്പുഴപാലം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (എഫ്) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോയെന്നും ഇത് | (എഫ്) | ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻഗണന പ്രവൃത്തികളിൽ ഉൾപ്പെടുന്ന തീരദേശ ഹൈവേയുടെ പുരോഗതി കൃത്യമായ |

| | | | |
|---|---|---|---|
| | എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും വിശദമാക്കുമോ? | | ഇടവേളകളിൽ ബഹു. മുഖ്യമന്ത്രി, ബഹു: പൊതുമരാമത്ത് വകുപ്പ് മന്ത്രി, പൊതുമരാമത്ത് സെക്രട്ടറി, മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ വിലയിരുത്തുന്നുണ്ട്. കൂടാതെ ആഴ്ച തോറും സി.ഇ.ഒ –കെ.ആർ.എഫ്.ബി യും തീരദേശ ഹൈവേയുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദേശങ്ങൾ നൽകി വേണ്ട നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. പദ്ധതിക്കായുള്ള പ്രത്യേക പുനരധിവാസ പാക്കേജ് 10-03-2023 ലെ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണ ഘട്ടത്തിലേക്ക് കടക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ